## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2675 18.06.2018 - ൽ മറുപടിക്ക്**

# മൂലക്കീൽക്കടവ്, വണ്ണാത്തിക്കടവ് പാലങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി.വി.രാജേഷ് : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മണ്ഡലത്തേയും കല്യാശ്ശേരി മണ്ഡലത്തെയും ബന്ധിപ്പിക്കുന്ന മൂലക്കീൽക്കടവ് പാലത്തിന്റെയും കല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം - കുറ്റൂർ-പാണപ്പുഴ റോഡിൽ സ്ഥിതി ചെയ്യുന്ന വണ്ണാത്തിക്കടവ് പാലത്തിന്റെയും നിർമ്മാണത്തിന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ; | (എ) **കണ്ണൂർ ജില്ലയിലെ മൂലക്കീൽക്കടവ് പാലം**<br><br>പ്രസ്തുത പാലത്തിന് 2016 - 2017 - ൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ജി. ഒ (ആർ. ടി) 1496/2016/പൊ.മ.വ തീയതി 31.10.2016 പ്രകാരം 25 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയത് പ്രകാരം ഇൻവെസ്റ്റിഗേഷൻ നടത്തുകയും ചെയ്തിരുന്നു. എന്നാൽ പാലം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം സംസ്ഥാന ജലപാതയിൽ ഉൾപ്പെടുന്നതിനാൽ ആയതിനാവശ്യമായ രീതിയിൽ ഡിസൈൻ തയ്യാറാക്കുന്നതിനായി അഡീഷണൽ ഇൻവെസ്റ്റിഗേഷൻ നടത്തി ഫൈനൽ ഡിസൈൻ ഡ്രോയിംഗ് തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിക്കുവാൻ കഴിയും. |

**വണ്ണാത്തിക്കടവ് പാലം** :-

പ്രസ്തുത പാലത്തിന്റെ 800 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ പ്രൊപ്പോസൽ ഭരണാനുമതിയ്ക്കായി സർക്കാരിൽ ലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത പാലങ്ങൾക്ക് ഏതെങ്കിലും സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ ?

(ബി) വണ്ണാത്തിക്കടവ് പാലം പുതുക്കി പണിയുന്നതിന് 2018 - 2019 - ലെ ബഡ്ജറ്റിൽ ക്രമനമ്പർ. 1620 നമ്പറായി 100 രൂപ ടോക്കൺ പ്രൊവിഷനായി ഉൾപ്പെടുത്തിയിട്ടുണ്ട്.

S. Bindu

**സെക്ഷൻ ഓഫീസർ**